LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരത്തെ യാത്രാക്ലേശം

66 [553] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന ജില്ലയിൽ ഓരോ ട്രാൻസ്പോർട്ട് ഡിപ്പോയിൽ നിന്നും 2001 സെപ്തംബർ-ഒക്ടോബർ മാസങ്ങളിലും, 2004 സെപ്തംബർ-ഒക്ടോബർ മാസങ്ങളിലും എത്ര സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(ബി) നഗരത്തിലെ യാത്രാക്ലേശം പരിഹരിക്കുന്നതിനുവേണ്ടി കെ.എസ്.ആർ.ടി.സി. എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നും ആവിഷ്ക്കരിക്കുന്നതെന്നും അറിയിക്കാമോ;

(സി) തിരുവനന്തപുരം ജില്ലയിൽ വിവിധ ഡിപ്പോകളിലായി 2001-2003 കാലയളവിൽ നിർത്തലാക്കിയ എത്ര കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ പുനഃസ്ഥാപിച്ചുവെന്ന് അറിയിക്കാമോ;

(ഡി) വികാസ്ഭവൻ, പേരൂർക്കട, പാപ്പനംകോട്, തിരുവനന്തപുരം സിറ്റി എന്നീ ഡിപ്പോകളിൽ നിന്ന് 2004 സെപ്റ്റംബർ മാസത്തിനുശേഷം പുതിയതായി എത്ര ബസ് റൂട്ടുകൾ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഇ) വിദ്യാർത്ഥികളുടെ യാത്രാ സൗജന്യം എല്ലാ സിറ്റി ബസ്സുകളിലും അനുവദിക്കുമോ;

(എഫ്) നഗരത്തിലെ പുതിയ ജനവാസകേന്ദ്രങ്ങളിലേയ്ക്ക് കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2001 സെപ്തംബർ-ഒക്ടോബർ മാസങ്ങളിൽ 1210 സർവ്വീസുകളും, 2004 സെപ്തംബർ-ഒക്ടോബർ മാസങ്ങളിൽ 1275 സർവ്വീസുകളുമാണ് നടത്തിയിരുന്നത്. ഡിപ്പോ തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു:

	2001 സെപ്തംബർ-ഒക്ടോബർ	2004 സെപ്തംബർ-ഒക്ടോബർ
ആര്യനാട്	17	25
ആറ്റിങ്ങൽ	62	73
കണിയാപുരം	49	58
കാട്ടാക്കട	69	68
കിളിമാനൂർ	37	53
നെടുമങ്ങാട്	59	70
നെയ്യാറ്റിൻകര	90	89
പാലോട്	30	29
പാപ്പനംകോട്	120	118
പാറശ്ശാല	63	68
പേരൂർക്കട	84	84

	2001	2004
	സെപ്തംബർ–ഒക്ടോബർ	സെപ്തംബർ–ഒക്ടോബർ
പൂവാർ	63	59
തിരു: സിറ്റി	130	110
തിരു: സെൻട്രൽ	97	81
വെള്ളനാട്	43	45
വെഞ്ഞാറമൂട്	14	37
വികാസ്ഭവൻ	80	76
വിതുര	18	29
വിഴിഞ്ഞം	60	72
വെള്ളറട	25	31

(ബി) തലസ്ഥാന നഗരിയിൽ വളരെ കാര്യക്ഷമമായ ഒരു പബ്ലിക് ട്രാൻസ്പോർട്ട് സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളത്. നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കൂടുതൽ പുതിയ ബസ്സുകൾ വാങ്ങി നിരത്തിലിറക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ പ്രരംഭ നടപടിയെന്ന നിലവിൽ 3 ലോ ഫ്ളോർ (അനന്തപുരി എയർ ബസ്സ്) ബസ്സുകൾ നിരത്തിലിറക്കുകയുണ്ടായി. ഒരു ലോ ഫ്ളോർ ബസ്സ് ഉടൻ നിരത്തിലിറക്കുന്നതാണ്. 150 പുതിയ അനന്തപുരി ഫാസ്റ്റ് പാസഞ്ചർ ബസ്സുകളും താമസംവിനാ നിരത്തിലിറക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇതിനുപുറമെ 54 മിനി ബസ്സുകളും തലസ്ഥാന നഗരിയിലെ സമീപ ഡിപ്പോകളിൽ നിന്നും സർവ്വീസ് നടത്തുന്നുണ്ട്.

(സി) 2001–2003 കാലയളവിൽ തിരുവനന്തപുരം ജില്ലയിൽ തുടർച്ചയായി നഷ്ടത്തിൽ ഓടിയിരുന്ന ഏതാനും ഷെഡ്യൂളുകൾ നിർത്തൽ ചെയ്തു. ഇതിൽ 11 എണ്ണം സമയത്തിനും റൂട്ടിനും വ്യത്യാസം വരുത്തി യാത്രക്കാർക്കും കെ.എസ്.ആർ.ടി.സി.-ക്കും ഗുണകരമായ രീതിയിൽ പുനഃസ്ഥാപിക്കുകയുണ്ടായി.

(ഡി) വികാസ്ഭവനിൽ നിന്നും പേരൂർക്കടയിൽ നിന്നും ഓരോ സർവ്വീസും തിരുവനന്തപുരം സിറ്റി ഡിപ്പോയിൽ നിന്നും 7–ഉം, പാപ്പനംകോട് നിന്ന് 14–ഉം പുതിയ സർവ്വീസുകൾ ആരംഭിച്ചു.

(ഇ) മിനി ബസ്സ് സർവ്വീസ് ഒഴികെയുള്ള എല്ലാ ഓർഡിനറി സിറ്റി ബസ്സുകളിലും വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം അനുവദിച്ചിട്ടുണ്ട്.

(എഫ്) ബസ്സുകളുടെ ലഭ്യത അനുസരിച്ച് സർവ്വീസ് നടത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ഉടുമ്പൻചോല താലൂക്കിൽ നിന്നുള്ള പുതിയ സർവ്വീസുകൾ

67 [554] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത രംഗത്ത് ഏറെ പിന്നോക്കം നിൽക്കുന്ന ഉടുമ്പൻചോല താലൂക്കിലെ ശാന്തൻപാറയിൽ നിന്നും തിരുവനന്തപുരം, എറണാകുളം എന്നിവിടങ്ങളിലേയ്ക്ക് കെ.എസ്.ആർ.ടി.സി. സർവ്വീസ് പരിഗണനയിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly